MACTA

MALAYALAM CINE TECHNICIAN'S ASSOCIATION

OXYGEN

THE DIGITAL EXPERT

# MACTA-OXYGEN CINEMA AWARDS 2025

## FOR MALAYALAM MOVIES

## REGULATIONS



അവസാന തീയതി

2026 ആഗസ്റ്റ് 15, വൈകിട്ട് 5 മണി

**LAST DATE FOR SUBMISSION**

**15TH AUGUST 2026, 5 PM**

# MACTA-OXYGEN CINEMA AWARDS 2025

# MACTA-OXYGEN CINEMA AWARDS FOR MALAYALAM MOVIES

## REGULATIONS

**I.** (1) These rules are called regulations for MACTA-OXYGEN CINEMA AWARDS FOR MALAYALAM MOVIES.

(1) ഈ ചട്ടങ്ങൾ മലയാള ചലച്ചിത്രങ്ങൾക്കുള്ള മാക്ട ഓക്സിജൻ സിനിമാ അവാർഡ് ചട്ടങ്ങൾ എന്ന് വിളിക്കപ്പെടും.

(2) The objective of the awards is to encourage the production of Malayalam films of high aesthetic and technical standards and of social, educational and cultural values.

(2) ഉന്നതമായ സൗന്ദര്യബോധവും സാങ്കേതിക തികവ് പുലർത്തുന്നതും സാമൂഹ്യവും വിദ്യാഭ്യാസപരവും സാംസ്കാരികവുമായ മൂല്യങ്ങൾ ഉൾക്കൊള്ളുന്നതുമായ മലയാള ചലച്ചിത്രങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ അവാർഡുകളുടെ ലക്ഷ്യം.

**II.** **The following sections of awards are given:**
**താഴെ പറയുന്ന വിഭാഗങ്ങൾക്ക് അവാർഡുകൾ നൽകുന്നു.**

**(a) Feature Films in Malayalam** (മലയാള കഥാചിത്രങ്ങൾ)

| | | |
|---|---|---|
| 1. Award for the Best Feature Film | : | Cash award, a replica and a certificate to the Producer.<br>Cash award, a replica and a certificate to the Director. |

| | | |
|---|---|---|
| മികച്ച ചിത്രം | : | നിർമ്മാതാവിന് ക്യാഷ് അവാർഡും ശില്പവും പ്രശസ്തിപത്രവും. സംവിധായകന് ക്യാഷ് അവാർഡും ശില്പവും പ്രശസ്തിപത്രവും. |
| 2. Award for the Second Best Feature Film | : | Cash award, a replica and a certificate to the Producer. Cash award, a replica and a certificate to the Director. |
| മികച്ച രണ്ടാമത്തെ ചിത്രം | : | നിർമ്മാതാവിന് ക്യാഷ് അവാർഡും, ശില്പവും പ്രശസ്തിപത്രവും. സംവിധായകന് ക്യാഷ് അവാർഡും, ശില്പവും പ്രശസ്തിപത്രവും. |
| 3. Award for the Best Director | : | Cash award, a replica and a certificate. |
| മികച്ച സംവിധായകൻ | : | ക്യാഷ് അവാർഡും, ശില്പവും പ്രശസ്തിപത്രവും. |
| 4. Award for the Best Actor | : | Cash award, a replica and a certificate. |
| മികച്ച നടൻ | : | ക്യാഷ് ആവാർഡും ശില്പവും പ്രശസ്തിപത്രവും. |
| 5. Award for the Best Actress | : | Cash award, a replica and a certificate. |
| മികച്ച നടി | : | ക്യാഷ് അവാർഡും, ശില്പവും പ്രശസ്തിപത്രവും. |
| 6. Award for the Best Character Artiste (Male) | : | Cash award, a replica and a certificate. |
| മികച്ച സ്വഭാവ നടൻ | : | ക്യാഷ് അവാർഡും, ശില്പവും പ്രശസ്തിപത്രവും. |
| 7. Award for the Best Character Artiste (Female) | : | Cash award, a replica and a certificate. |
| മികച്ച സ്വഭാവ നടി | : | ക്യാഷ് അവാർഡും, ശില്പവും പ്രശസ്തിപത്രവും. |

| | | |
|---|---|---|
| 8. Award for the Best Story Writer | : | Cash award, a replica and a certificate. |
| മികച്ച കഥാകൃത്ത് | : | ക്യാഷ് അവാർഡും, ശില്പവും പ്രശസ്തിപത്രവും. |
| 9. Award for the Best Cinematographer | : | Cash award, a replica and a certificate. |
| മികച്ച ഛായാഗ്രാഹകൻ | : | ക്യാഷ് അവാർഡും, ശില്പവും പ്രശസ്തിപത്രവും. |
| 10. Award for the Best Screenplay Writer | : | Cash award, a replica and a certificate. |
| മികച്ച തിരക്കഥാകൃത്ത് | : | ക്യാഷ് അവാർഡും, ശില്പവും പ്രശസ്തിപത്രവും. |
| 11. Award for the Best Lyricist | : | Cash award, a replica and a certificate. |
| മികച്ച ഗാനരചയിതാവ് | : | ക്യാഷ് അവാർഡും, ശില്പവും പ്രശസ്തിപത്രവും. |
| 12. Award for the Best Music Director (Songs) | : | Cash award, a replica and a certificate. |
| മികച്ച സംഗീത സംവിധായകൻ (ഗാനങ്ങൾ) | : | ക്യാഷ് അവാർഡും, ശില്പവും പ്രശസ്തിപത്രവും. |
| 13. Award for the Best Music Director (Background Score) | : | Cash award, a replica and a certificate. |
| മികച്ച പശ്ചാത്തല സംഗീത സംവിധായകൻ | : | ക്യാഷ് അവാർഡും, ശില്പവും പ്രശസ്തിപത്രവും. |
| 14. Award for the Best Male Play-back Singer | : | Cash award, a replica and a certificate. |
| മികച്ച പിന്നണി ഗായകൻ | : | ക്യാഷ് അവാർഡും, ശില്പവും പ്രശസ്തിപത്രവും. |

| | | |
|---|---|---|
| 15. Award for the Best Female Play-back Singer | : | Cash award, a replica and a certificate. |
| മികച്ച പിന്നണി ഗായിക | : | ക്യാഷ് അവാർഡും, ശില്പവും പ്രശസ്തിപത്രവും. |
| 16. Award for the Best Film Editor | : | Cash award, a replica and a certificate. |
| മികച്ച എഡിറ്റർ | : | ക്യാഷ് അവാർഡും, ശില്പവും പ്രശസ്തിപത്രവും. |
| 17. Award for the Best Art Director | : | Cash award, a replica and a certificate. |
| മികച്ച കലാസംവിധായകൻ | : | ക്യാഷ് അവാർഡും, ശില്പവും പ്രശസ്തിപത്രവും. |
| 18. Award for the Best Sound Design | : | Cash award, a replica and a certificate. |
| മികച്ച ശബ്ദ രൂപകൽപ്പന | : | ക്യാഷ് അവാർഡും, ശില്പവും പ്രശസ്തിപത്രവും. |
| 19. Award for the Best Colourist | : | Cash award, a replica and a certificate. |
| മികച്ച കളറിസ്റ്റ് | : | ക്യാഷ് അവാർഡും ശില്പവും പ്രശസ്തിപത്രവും. |
| 20. Award for the Best Makeup Artiste | : | Cash award, a replica and a certificate. |
| മികച്ച മേക്കപ്പ് ആർട്ടിസ്റ്റ് | : | ക്യാഷ് അവാർഡും, ശില്പവും പ്രശസ്തിപത്രവും. |
| 21. Award for the Best Costume Designer | : | Cash award, a replica and a certificate. |
| മികച്ച വസ്ത്രാലങ്കാരം | : | ക്യാഷ് അവാർഡും, ശില്പവും പ്രശസ്തിപത്രവും. |

| | | |
|---|---|---|
| 22. Award for the Best Dubbing Artiste (Male) | : | Cash award, a replica and a certificate. |
| മികച്ച ഡബ്ബിംഗ് ആർട്ടിസ്റ്റ് (ആൺ) | : | ക്യാഷ് അവാർഡും, ശില്പവും പ്രശസ്തിപത്രവും. |
| 23. Award for the Best Dubbing Artiste (Female) | : | Cash award, a replica and a certificate. |
| മികച്ച ഡബ്ബിംഗ് ആർട്ടിസ്റ്റ് (പെൺ) | : | ക്യാഷ് അവാർഡും, ശില്പവും പ്രശസ്തിപത്രവും. |
| 24. A Special Award for the Best Malayalam Film with Aesthetic Quality and Popular Appeal | : | Cash award, a replica and a certificate to the Producer.<br>Cash award, a replica and a certificate to the Director. |
| ജനപ്രീതിയും കലാമേന്മയുമുള്ള മികച്ച ചിത്രത്തിനുള്ള പ്രത്യേക അവാർഡ് | : | നിർമ്മാതാവിനും സംവിധായകനും ക്യാഷ് അവാർഡും, ശില്പവും പ്രശസ്തിപത്രവും വീതം. |
| 25. A Special Award for Promising Debut in Directon | : | Cash award, a replica and a certificate. |
| മികച്ച നവാഗത സംവിധാനം | : | ക്യാഷ് അവാർഡും, ശില്പവും പ്രശസ്തിപത്രവും. |
| 26. Award for the Best Visual Effects | : | Cash award, a replica and a certificate. |
| മികച്ച വിഷ്വൽ എഫക്ട്സ് | : | ക്യാഷ് അവാർഡും, ശില്പവും പ്രശസ്തിപത്രവും. |
| 27. Award for the Best Poster Designer<br>മികച്ച പരസ്യകലാകാരൻ | : | Cash award, a replica and a certificate.<br>ക്യാഷ് അവാർഡും, ശില്പവും പ്രശസ്തിപത്രവും. |
| 28. Special Jury Mention | : | A replica and a certificate. |
| സ്പെഷ്യൽ ജൂറി പരാമർശം | : | ശില്പവും പ്രശസ്തിപത്രവും. |

28 a) Best Children's Film award is also included in the Special Jury Mention section : Cash award, a replica and a certificate

സ്പെഷ്യൽ ജൂറി പരാമർശ വിഭാഗത്തിൽ കുട്ടികൾക്കായുള്ള ചിത്രത്തിനുള്ള പുരസ്ക്കാരം കുടി ഉൾപ്പെടുത്തിയിട്ടുണ്ട്.

ക്യാഷ് അവാർഡും ശില്പവും പ്രശസ്തി പത്രവും

NB :
Details regarding Children's Film can be written in the Extra sheet given in the entry form.

കുട്ടികൾക്കായുള്ള ചിത്രം സംബന്ധിച്ച് വിവരങ്ങൾ Entry form ലെ extra sheet ൽ പരാമർശിച്ചാൽ മതിയാകും.

-------------------------- --------

# EXPLANATORY NOTE

The terms 'Producer', 'Director', 'Cinematographer', 'Actor', 'Actress', 'Story Writer', 'Screenplay Writer', 'Lyricist', 'Music Director', 'Playback Singer', 'Film Editor', 'Art Director', 'Sound Designer', 'Makeup Artiste', 'Costume Designer, 'Colourist', 'Dubbing Artiste', used in these rules shall refer to the terms as given in the credit titles of the film entered in the competition duly certified by the Central Board of Film Certification.

Films made in Malayalam language, shot on film format or digital format and issued with censor certificate only are eligible for screening in Feature Film section.

The final decision in case of any dispute regarding the eligibility of any entry will be on the basis of the certificates issued by the Central Board of Film Certification.

## വിശദീകരണ കുറിപ്പ്

ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന ‘നിർമ്മാതാവ്’, ‘സംവിധായകൻ’, ‘ഛായാഗ്രാഹകൻ’, ‘നടൻ’, ‘നടി’, ‘കഥാകൃത്ത്’, ‘തിരക്കഥാകൃത്ത്’, ‘ഗാനരചയിതാവ്’, ‘സംഗീതസംവിധായകൻ’, ‘പിന്നണിഗായകൻ’, ‘ഫിലിം എഡിറ്റർ’, ‘കലാസംവിധായകൻ’, ‘ശബ്ദരൂപകൽപ്പന’, ‘മേക്കപ്പ് ആർട്ടിസ്റ്റ്’, ‘കോസ്റ്റ്യൂം ഡിസൈനർ’, ‘കളറിസ്റ്റ്’ ‘ഡബ്ബിംഗ് ആർട്ടിസ്റ്റ്’ എന്നീ സാങ്കേതിക പദങ്ങൾ സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷന്റെ സർട്ടിഫിക്കറ്റോടുകൂടി മത്സരത്തിന് യോഗ്യത നേടിയ സിനിമയുടെ ക്രെഡിറ്റ് ടൈറ്റിലിൽ നൽകിയിരിക്കുന്ന സാങ്കേതിക പദങ്ങളെയാണ് പരാമർശിക്കുന്നത്.

മലയാള ഭാഷയിൽ ഫിലിം ഫോർമാറ്റിലോ, ഡിജിറ്റൽ ഫോർമാറ്റിലോ ചിത്രീകരിക്കുകയും സെൻസർ സർട്ടിഫിക്കറ്റ് ലഭിച്ചതുമായ സിനിമകൾ മാത്രമേ കഥാചിത്രവിഭാഗത്തിൽ പ്രദർശിപ്പിക്കുവാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.

ഏതെങ്കിലും എൻട്രിയുടെ കാര്യത്തിൽ എന്തെങ്കിലും തർക്കമുണ്ടാവുകയാണെങ്കിൽ അന്തിമ തീരുമാനം ഇക്കാര്യത്തിൽ സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷന്റെ സർട്ടിഫിക്കറ്റിനെ അടിസ്ഥാനമാക്കിയായിരിക്കും.

**III.**

(1) The entry for the award will be submitted by the producer of the film, along with a Transaction Receipt for Rs. 7,500/- as entry fee in favor of MACTA.

(2) The awards will be as per the details submitted in the entry form. No changes will be entertained after the declaration of results.

(3) There shall be a two tier system of judging commi ttees i.e, Preliminary Selection Jury and Main Jury constituted by MACTA to examine and determine the awards.

**III.**

(1) അവാർഡിനുള്ള അപേക്ഷകൾ ചിത്രത്തിന്റെ നിർമ്മാതാവ് ആണ് സമർപ്പിക്കേണ്ടത്. അപേക്ഷയോടൊപ്പം മാക്ടയുടെ പേരിൽ 7500/– രൂപ അപക്ഷാ ഫീസായി അടച്ചതിന്റെ രേഖകൾ ഹാജരാക്കിയിരിക്കണം.

(2) അവാർഡുകൾ നൽകുന്നത് അപേക്ഷ ഫോറത്തിൽ സൂചിപ്പിച്ചിട്ടുള്ള ആളുകൾക്കായിരിക്കും. അവാർഡ് പ്രഖ്യാപനത്തിനുശേഷം മാറ്റങ്ങൾ അനുവദിക്കുന്നതല്ല.

(3) അവാർഡ് നിർണയിക്കുന്നതിന് പ്രാഥമിക വിധി നിർണയ സമിതി, അന്തിമ വിധി നിർണയ സമിതി എന്നീ ദ്വിതല വിധിനിർണയ സമിതികളെ മാക്ട രൂപീകരിക്കും.

## Preliminary Selection Jury

The preliminary selection jury will have 8 members. There will be two sub committees with a Chair man and three members in each. The Chairman of the subcommittee should be a film director. One of the 3 members should be a technician while the others could be film critics, scholars or technician.

If there are 100 entries, the Pre-selection sub committees should watch 50 films each and nominate 30 films in total for the final selection. These 30 films will be screened before the Main Jury. The preliminary selection jury cannot nominate more than 30% of the total number of films received as entries. The Pre-Selection Subcommittees can nominate films to the different categories of awards. The final decision will be that of the Main Jury.

## പ്രാഥമിക വിധിനിർണയ സമിതി

പ്രാഥമിക വിധിനിർണയ സമിതിയിൽ ആകെ എട്ട് അംഗങ്ങളാണ് ഉണ്ടാവുക. സമിതിയിൽ രണ്ടു സബ് കമ്മിറ്റികൾ ഉണ്ടായിരിക്കും. ഒരു ചെയർമാനും മൂന്ന് അംഗങ്ങളും ഉൾപ്പെടുന്നതാണ് ഒരു സബ് കമ്മിറ്റി. സബ് കമ്മിറ്റിയുടെ ചെയർമാൻ ഒരു ചലച്ചിത്ര സംവിധായകൻ ആയിരിക്കണം. മറ്റ് മൂന്ന് അംഗങ്ങളിൽ ഒരാൾ നിർബന്ധമായും ഒരു സാങ്കേതിക വിദഗ്ധൻ ആയിരിക്കണം. മറ്റുള്ളവർ ചലച്ചിത്ര നിരൂപകരോ, ചലച്ചിത്ര പണ്ഡിതരോ സാങ്കേതിക വിദഗ്ധരോ ആവാം.

100 എൻട്രികൾ സമർപ്പിക്കപ്പെടുന്ന സാഹചര്യത്തിൽ പ്രാഥമിക വിധിനിർണയ സമിതി 50 വീതം സിനിമകൾ കണ്ട് വിലയിരുത്തും. അവയിൽ നിന്ന് അന്തിമ നിർണയത്തിന് പരിഗണിക്കപ്പെടാൻ അർഹമായ 30 സിനിമകൾ  രണ്ടു ഈ കമ്മിറ്റികൾക്കും കൂടി ശുപാർശ ചെയ്യാം. ഈ 30 സിനിമകൾ അന്തിമ വിധിനിർണയ സമിതിക്കു മുമ്പാകെ പ്രദർശിപ്പിക്കും. എൻട്രികളുടെ മൊത്തം എണ്ണത്തിന്റെ 30 ശതമാനത്തിൽ കൂടുതൽ സിനിമകൾ നോമിനേറ്റ് ചെയ്യാൻ പാടില്ല. പ്രീ സെലക്ഷൻ സബ് കമ്മിറ്റികൾക്ക് ഓരോ വിഭാഗത്തിലുള്ള അവാർഡുകൾക്ക് ചിത്രങ്ങളെ ശുപാർശ ചെയ്യാവുന്നതാണ്. എങ്കിലും അവസാന തീരുമാനം അന്തിമ വിധിനിർണയ സമിതിയുടേതായിരിക്കും.

## Main Jury

The Main Jury will have 7 members including the Jury Chairman. The Chairmen of the two Pre-Selection sub committees will be members of the Main Jury. Two of the

## അന്തിമ വിധിനിർണയ സമിതി

ജൂറി ചെയർമാൻ ഉൾപ്പെടെ ഏഴു പേരാണ് അന്തിമ വിധിനിർണയ സമിതിയിൽ ഉണ്ടാവുക. പ്രാഥമിക വിധിനിർണയ സമിതിയിലെ രണ്ട് സബ് കമ്മിറ്റി ചെയർമാൻമാർ അന്തിമ വിധിനിർണയ സമിതിയിൽ അംഗങ്ങളായിരിക്കും. രണ്ട് അംഗ

| | | | |
|---|---|---|---|
| | members should be technicians while other two should be film critics/ scholars. Jury Chair man should be an eminent film director from Malay alam or any other languages in India. Eighty percent of the members should know Malayalam. The films reject ed by the Pre-Selection Jury can be recalled from the entry list by the Main Jury if at least four members endorse the same. These will be in addition to the short listed films. | | ങ്ങൾ നിർബന്ധമായും സാങ്കേതിക വിദഗ്ധരായിരിക്കണം. മറ്റു രണ്ട് അംഗങ്ങൾ ചലച്ചിത്ര നിരൂപകരോ ചലച്ചിത്ര പണ്ഡിതരോ ആയിരി ക്കണം. ജൂറി ചെയർമാൻ മലയാളത്തിലെയോ ഇന്ത്യയിലെ ഇതര ഭാഷകളിലെയോ പ്രഗൽഭനായ സംവിധായകൻ ആയി രിക്കണം. അംഗങ്ങളിൽ 80 ശതമാനം പേർ മലയാള ഭാഷ അറിയുന്നവർ ആയിരിക്കണം. പ്രാഥമിക വിധിനിർണയ സമിതി നിരസിക്കുന്ന ചിത്രങ്ങൾ അന്തിമവിധി നിർണയ സമിതിക്ക് എൻട്രി ലിസ്റ്റിൽ നിന്ന് തിരിച്ചു വിളിക്കണമെങ്കിൽ നാല് അംഗങ്ങളുടെ പിന്തുണയുണ്ടായി രിക്കണം. പ്രാഥമിക വിധിനിർണയ സമിതി ഷോർട്ട് ലിസ്റ്റ് ചെയ്ത ചിത്രങ്ങൾക്കു പുറമെയായിരിക്കും ഈ സിനിമകൾ. |
| (4) | All jury members should submit a signed affidavit in the prescribed format stating noninvolvement of them or any close relative in the entries. The term 'close relative' refers to parents, grand parents, children, spouse, children-in-law and siblings. | (4) | അധ്യക്ഷനായോ അംഗമായോ ജഡ്ജിംഗ് കമ്മിറ്റിയിൽ തെരഞ്ഞെടുക്കപ്പെടുന്ന എല്ലാ വ്യക്തികളും തന്റെയോ ഉറ്റ ബന്ധുവിന്റെയോ ചലച്ചിത്രങ്ങളോ സൃഷ്ടികളോ വിധി നിർണ്ണ യത്തിനുള്ള എൻട്രികളിൽ ഇല്ല എന്ന സത്യവാങ്മൂലം നിശ്ചിത ഫോറത്തിൽ നൽകേണ്ടതാണ്. മാതാപിതാക്കൾ, പിതാമഹൻ, മക്കൾ, ഭാര്യ/ഭർത്താവ്, മരുമക്കൾ, സഹോദരങ്ങൾ എന്നിവരെയാണ് 'അടുത്ത ബന്ധുക്കൾ' എന്ന പദംകൊണ്ട് ഉദ്ദേശിക്കുന്നത്. |
| (5) | The jury will have the discretion not to recommend an award to a category if they find no entry of suitable quality. | (5) | ഏതെങ്കിലും വിഭാഗത്തിലേക്കുള്ള എൻട്രികൾ നിലവാരം പുലർത്താതിരിക്കുന്നതായി കണ്ടെത്തിയാൽ ആ വിഭാഗത്തിലേക്കുള്ള പുരസ്കാരം നൽകേണ്ടതില്ലെന്ന് നിർദ്ദേശി ക്കുവാനുള്ള വിവേചനാധികാരം കമ്മിറ്റിക്ക് ഉണ്ടായിരിക്കുന്നതാണ്. |

(6) The decision of the jury is final and no appeal and correspondence in this matter will be entertained.

(6) വിധിനിർണ്ണയ സമിതിയുടെ തീരുമാനം അന്തിമവും അതിന്മേൽ യാതൊരുവിധ അപ്പീലുകളോ എഴുത്തുകുത്തുകളോ സ്വീകരിക്കുന്നതുമല്ല.

(7) The term of the non-official members of the committees shall be five months from the date of constitution of the committee.

(7) കമ്മിറ്റിയിലെ അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി കമ്മിറ്റി രൂപീകരിച്ച തീയതി മുതൽ അഞ്ച് മാസം വരെയായിരിക്കും.

(8) Films are to be submitted in digital format as **Vimeo Link, Google Drive Link, Pen Drive or in open DCP (unencrypted)** with right for any number of screenings for the jury for deciding the award. If film cannot be viewed by the jury due to technical fault or KDM lock, it will be the responsibility of the producer for the film being not considered for the awards. Other formats are accepted as well.

(8) പുരസ്കാരത്തിനായി സമർപ്പിക്കുന്ന ചലചിത്രങ്ങൾ ഡിജിറ്റൽ ഫോർമാറ്റിൽ **വിമിയോ ലിങ്ക്, ഗൂഗിൾ ഡ്രൈവ് ലിങ്ക്, പെൻഡ്രൈവ്, ഓപ്പൺ ഡി.സി.പിയിലോ (unencrypted)** സമർപ്പിക്കേണ്ടതാണ്. ഇത് അവാർഡ് സ്ക്രീനിംഗിന് വേണ്ടി എത്ര തവണയും പ്രദർശിപ്പിക്കുവാൻ കഴിയുന്ന രീതിയിലായിരിക്കണം സമർപ്പിക്കേണ്ടത്. സാങ്കേതിക കാരണങ്ങൾ മൂലമോ കെ.ഡി.എം ലോക്ക് മൂലമോ പ്രദർശിപ്പിക്കുവാൻ കഴിയാതെ വന്നു കഴിഞ്ഞാൽ ചിത്രം അവാർഡിന് പരിഗണിക്കാതെ പോകുന്നതിന്റെ ഉത്തരവാദിത്തം നിർമ്മാതാവിനായിരിക്കും.

**IV.** The MACTA shall arrange the screening of films before the Committee to examine the quality of films and the merits of artistes, producers, directors and technicians.

**IV.** ചലച്ചിത്രങ്ങളുടെ ഗുണമേന്മയും കലാകാരന്മാർ, നിർമ്മാതാക്കൾ, സംവിധായകർ, സാങ്കേതിക വിദഗ്ധർ തുടങ്ങിയവരുടെ തികവും പരിശോധിക്കുന്നതിന് മാക്ട കമ്മിറ്റി മുൻപാകെ പ്രദർശനം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യും.

**V.** (1) Only films respect of which Censor Certificate were issued in the calendar year (2025 Jan 1 to Dec 31) specified in the notification are eligible for entry.

**V.** (1) വിജ്ഞാപനത്തിൽ വ്യക്തമാക്കിയ കലണ്ടർ വർഷത്തിൽ (2025 ജനുവരി 1 മുതൽ 31 ഡിസംബർ) സെൻസർ സർട്ടിഫിക്കറ്റ് നൽകപ്പെട്ട ചലച്ചിത്രങ്ങൾക്ക് മാത്രമേ എൻട്രിയ്ക്ക് അർഹത ഉണ്ടായിരിക്കുകയുള്ളു.

(2) Along with Online Submission, application for entry shall be in the prescribed form which can be downloaded from the website: www.mactaonline.com or obtained directly from the Association on request in writing or by sending a request with an envelope affixed with stamp for Rs. 25.

(2) ഓണലൈൻ അപേ ക്ഷയോടൊപ്പം തന്നെ അപേക്ഷാ ഫോറം മാക്ടയുടെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതും മാക്ടയിൽ നിന്നും നേരിട്ടും, 25 രൂപയുടെ സ്റ്റാമ്പ് ഒട്ടിച്ച് സ്വന്തം മേൽവിലാസമെഴുതിയ കവർ സഹിതം അപേക്ഷിച്ചാൽ തപാൽ വഴിയും ലഭിക്കുന്നതാണ്.

(3) Copies of the lyrics of the songs with names of the Music Director, Lyricist and Playback Singer of each song any mentioned separately. Remixed recreated version of an old song will not be considered.

(3) ഗാനങ്ങളുടെ ടൈപ്പ് ചെയ്ത കോപ്പി, സംഗീത സംവിധായകന്റെയും ഗാനരചയിതാവിന്റെയും പിന്നണിഗായകരുടെയും പേരുകൾ ഓരോ ഗാനത്തോടൊപ്പം പ്രത്യേകം രേഖപ്പെടുത്തണം. റീമിക്സ് ചെയ്തതോ പുനരാവിഷ്കരിച്ചതോ ആയ ഗാനങ്ങൾ പുരസ്കാരത്തി ന് പരിഗണിക്കുന്നതല്ല.

| English | Malayalam |
| --- | --- |
| (i) Copy of the synopsis of the film, written in not more than two pages; both in Malayalam and English. | (i) കഥാസാരത്തിന്റെ കോപ്പി രണ്ട് പേജിൽ കവിയാതെ ഇംഗ്ലീഷിലും മലയാളത്തിലും ടൈപ്പ് ചെയ്തത്. |
| (ii) Copy of the cast, mentioning the respective role against each artiste. | (ii) അഭിനേതാക്കളുടെ പേരും അവർ പ്രതിനിധാനം ചെയ്യുന്ന കഥാപാത്രങ്ങളുടെ പേരിന് നേരെ എഴുതി ടൈപ്പ് ചെയ്ത കോപ്പി. |
| (iii) Copy of the Certificate issued by the Central Board of Film Certification. | (iii) കേന്ദ്രസെൻസർ ബോർഡ് നൽകിയ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി. |
| (iv) The dubbing artiste's names should be written against the name of the actor/actress for whom he/she has dubbed. | (iv) അഭിനേതാക്കളുടെ പേരിനു നേരെ അവർക്ക് ശബ്ദം നൽകിയവരുടെ പേരുകൾ ടൈപ്പ് ചെയ്ത കോപ്പി. ചിത്രങ്ങൾ ഉടമസ്ഥന്റെ ഉത്തരവാദിത്തത്തിൽ സമർപ്പിക്കണം. മാക്ട അതിന്മേൽ ആവശ്യമുള്ള സംരക്ഷണം ഉറപ്പു വരുത്തുന്നതാണ്. |

| | | | |
|---|---|---|---|
| (7) | The classification as Feature Film will be based on the Censor Board Certificate. | (7) | ഫീച്ചർ ഫിലിം സെൻസർ ബോർഡ് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയ പ്രകാരമായിരിക്കും. |
| (8) (a) | Entries entered in one section shall not be eligible for entry in another section. Films which are produced violating Copyrights or dubbed/revised/copied version of any other film shall not be considered for the awards under these rules. A signed affidavit to this effect is to be submitted by the entrant. However recreated or adapted. films will be considered for individual awards except Best Film, Second Film, Best Director, Best Story and Best Screenplay. | (8) (a) | ഒരു വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള അപേക്ഷ മറ്റൊരു വിഭാഗത്തിൽ പരിഗണിക്കുന്നതല്ല. പുതുതായി ശബ്ദരേഖ പതിപ്പിച്ചതും (Dubbed) തിരുത്തലുകൾ വരുത്തിയതും (Revised) പകർപ്പവകാശ നിയമം ലംഘിച്ചതും മലയാളത്തിലോ അന്യഭാഷകളിലോ ആദ്യം നിർമ്മിക്ക പ്പെട്ടതിനുശേഷം പകർത്തിയതോ പരിഷ്കരിച്ചോ പുറത്തിറക്കിയതുമായ ചിത്ര ങ്ങൾ അവാർഡിന് പരിഗണിക്കില്ല. എന്നാൽ പുനരാവിഷ്ക്കരിച്ച ചിത്രങ്ങളെ മികച്ച ചിത്രം, മികച്ച രണ്ടാമത്തെ ചിത്രം, കഥ, തിരക്കഥ, സംവിധാനം എന്നീ വിഭാഗങ്ങളിൽ ഒഴികെയുള്ള വ്യക്തിഗത അവാർഡുകൾക്ക് പരിഗണിക്കാവുന്നതാണ്. |
| (b) | Any violation of the Copyright Act, if proved, will cancel the film from the recommendation for selection of an award. | (b) | പകർപ്പവകാശ നിയമത്തിന്റെ വ്യവസ്ഥകൾ ലംഘിച്ചുവെന്ന് തെളിയിക്കപ്പെട്ടാൽ ചലച്ചിത്രം പുരസ്കാരത്തിൽ നിന്ന് തെരഞ്ഞെടുക്കുന്നതിൽ നിന്ന് റദ്ദാക്കപ്പെടുന്നതാണ്. |
| (9) | The Chairman, the Secretary, the Executive Board Members and the officials of MACTA are not eligible for individual awards. | (9) | മാക്ടയിലെ ജീവനക്കാർ, സെക്രട്ടറി, ചെയർമാൻ, എക്സിക്യൂട്ടീവ് ബോർഡ് അംഗങ്ങൾ എന്നിവർ ചലച്ചിത്ര പുരസ്കാരത്തിലെ വ്യക്തിഗത അവാർഡിന് യോഗ്യരായിരിക്കുന്നതല്ല. |

| | | | |
|---|---|---|---|
| (10) | The Committee shall have the discretion to recommend a Special Award a replica and certificate to outstanding brilliance in any aspect of cinematic art in the films screened before the comm ittee. | (10) | കമ്മിറ്റിയുടെ മുൻപാകെ പ്രദർശിപ്പിക്കുന്ന ചിത്രങ്ങളിൽ ചലച്ചിത്രകലയുടെ ഏതെങ്കിലുമൊരു വിഭാഗത്തിൽ മികച്ച, വൈഭവം കാഴ്ച വെയ്ക്കുന്ന ചിത്രത്തിനോ, വ്യക്തിക്കോ ഫലകവും സർട്ടിഫിക്കറ്റും ശുപാർശ ചെയ്യുന്നതിന് കമ്മിറ്റിക്ക് വിവേചനാധികാരം ഉണ്ടായിരിക്കും. |
| (11) | Canvassing in any form shall make the entry invalid and disqualify it for awards. | (11) | ഏതെങ്കിലും തരത്തിൽ സ്വാധീനി ക്കുന്നത് എൻട്രിയെ അസാധുവാക്കു കയും അവാർഡിന് അർഹതയില്ലെന്ന് വിധിക്കപ്പെടുകയും ചെയ്യും. |
| (12) | The last date of entry may be relaxed at the discretion of the MACTA in exceptional cases. | (12) | പ്രത്യേക സാഹചര്യങ്ങളിൽ അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതികളിൽ ഇളവ് നൽകുന്നതി നുള്ള വിവേചനാധികാരം മാക്ടക്ക് ഉണ്ടായിരിക്കും. |
| (13) | The award shall be presented to the winners at a function which may be held at such place and on such date as the MACTA may decide. | (13) | മാക്ട് തീരുമാനിക്കുന്ന സ്ഥലത്തും തീയതിയിലും ചടങ്ങ് നടത്തി ജേതാ ക്കൾക്ക് അവാർഡ് വിതരണം ചെയ്യുന്നതാണ്. |
| (14) | The award winners shall receive the awards in person at the function or they shall receive it from the MACTA office on any working day within one month after the day of the function. | (14) | അവാർഡ് ജേതാക്കൾക്ക് അവാർഡ് പ്രസ്തുത ചടങ്ങിൽ വച്ചോ, അല്ലെ ങ്കിൽ ഒരു മാസത്തിനകമുള്ള പ്രവൃത്തി ദിവസങ്ങളിൽ അക്കാദമി ഓഫീസിൽ നിന്നോ സ്വീകരിക്കാവുന്നതാണ്. |

# CHECK LIST FOR FEATURE FILM

- [ ] Filled up Entry form
- [ ] Transaction Receipt of Application Fees - Rs. 7500/-
- [ ] Screener File (Online Link, Pendrive, DCP etc)
- [ ] Details of Songs & Lyrics
- [ ] Synopsis (English & Malayalam)
- [ ] Name and address of Director and Producer
- [ ] Censor Certificate
- [ ] Details of Dubbing Artistes

For Bank Transfer : Name : Malayalam Cine Technicians Association
Account No.

**Malayalam Cine Technicians Association**
Second Floor, Vattoli Estate
St. Vincent Road, Ernakulam North
Kochi-682018

**Bank Details:**
Bank: **Federal Bank**
Branch : Ernakulum North
A/c Name : **Malayalam Cine Technicians Association**
A/c No. **10040200018020**
IFSC: **FDRL0001004**

